# ഗവ. എൽ. പി. സ്കൂൾ
# തലക്കുളത്തൂർ
ചേവായൂർ. കോഴിക്കോട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

'അക്കാദമിക്'

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
പഠനനേട്ടങ്ങൾ ഓരോ കുട്ടിയുടെയും
അവകാശമാണ്.

എല്ലാ മനുഷ്യരും പ്രകൃത്യാ അറിവ്
ആഗ്രഹിക്കുന്നു." – അരിസ്റ്റോട്ടിൽ

നമ്മുടെ എല്ലാ അറിവുകളും ആരംഭിക്കുന്നത്
അനുഭവത്തിൽ നിന്നാണ് – ഇമ്മാനുവൽ കാന്റ്

അറിവ് പ്രായോഗികമാക്കാത്തിടത്തോളം
കാലം അതിന് ഒരു വിലയുമില്ല
– ആന്റൺ ചെക്കോവ്

അറിവ് തന്നെയാണ് ശക്തി – ഫ്രാൻസിസ് ബേക്കൺ

അറിവ് ആഗ്രഹിക്കുന്നവർ മാത്രമാണ് കൂടുതൽ
നേട്ടങ്ങൾ കൈവരിക്കുന്നത് – CS ല്യൂയിസ്

അറിവു നേടാൻ എല്ലാ ദിവസവും കാര്യങ്ങൾ
ചേർക്കുക. ജ്ഞാനം നേടാൻ എല്ലാ ദിവസവും
കാര്യങ്ങൾ നീക്കം ചെയ്യുക → ലാവോത്സു.

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്ക് അനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത് കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ഉണ്ടായി മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമാണ് ഗുരുകുല സമ്പ്രദായത്തിലുള്ള പഠന രീതിയിൽ നിന്നും ഇന്നത്തെ സ്കൂൾ സമ്പ്രദായത്തിലേക്ക് നിരവധി മാറ്റങ്ങൾ ഉൾക്കൊണ്ട് ഈ സമ്പ്രദായം സ്വയം പുതുക്കപ്പെടുന്നു. ഇന്ന് വിദ്യാഭ്യാസം ജനകീയവും അതിജീവനത്തിന്റെ അവശ്യോപാധികമായിരുന്ന മഹാത്മാഗാന്ധി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇനിയും ഈ സമ്പ്രദായത്തിന്റെ ഭാഗമായി തീർന്നിട്ടില്ല കുട്ടികൾക്ക് സ്വയം പഠനത്തിനും വിദ്യാർത്ഥി കേന്ദ്രവുമായുള്ള ഒരു അവസ്ഥയിലേക്ക് ഇന്നത്തെ വിദ്യാഭ്യാസ രീതി മാറി കുട്ടികൾ സ്വയം അന്വേഷിച്ചറിഞ്ഞു കണ്ടെത്തിയും സ്വയം പരീക്ഷണങ്ങൾ നടത്തിയും പ്രവർത്തിച്ചും കാര്യങ്ങൾ മനസ്സിലാക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ജീവനാന്ത പഠനാ അവസരങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു

പൊതു ലക്ഷ്യങ്ങൾ

സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കുക

പ്രാദേശിക വിഭവങ്ങളുടെയും പ്രാദേശിക് ഭരണകൂടങ്ങളുടെയും സാധ്യതകളെ പ്രയോജനപ്പെടുത്തുക

ഭാഷാശേഷി വികസനത്തിനായി വിദ്യാലയ പ്രവർത്തനങ്ങളിലെ ദിനാചരണങ്ങളെ ഉപയോഗപ്പെടുത്തുക എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരൻ ആക്കുക പഠനത്തിൽ പിന്തുണ സംവിധാനങ്ങൾ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുക പരിശീലന പ്രവർത്തനങ്ങൾ ലഭ്യമാക്കുക

എല്ലാ കുട്ടികളിലും അടിസ്ഥാനപരമായ ഗണിത ശേഷികളും ഭാഷാശേഷികളും ഉറപ്പിക്കുക

ഇംഗ്ലീഷ് ഭാഷാ പരിശീലനങ്ങളും ക്ലബ്ബ് പ്രവർത്തനങ്ങളും സജീവമാക്കുക കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തവും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക വിദ്യാലയത്തിന്റെ സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ട് വീടുകൾ കേന്ദ്രീകരിച്ച് കൃഷിയോട് ആഭിമുഖ്യം വളർത്തുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ വിദ്യാലയത്തിന്റെ പിന്തുണ ഉറപ്പാക്കുക

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും ചതുഷ്ക്രിയകളും അറിയണം. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ കഴിയണം. കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കണം. ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷൻ ആവശ്യമില്ല. മാതൃഭാഷക്കുതന്നെ പ്രാധാന്യം കൊടുക്കണം. സിലബസ്സിലുള്ള ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കിയാൽ മതി. ലിംഗസമത്വം നടപ്പി ലാക്കണം. ലിംഗഭേദമില്ലാതെ പെൺകുട്ടികൾക്കും പദ വിയും അംഗീകാരവും അവസരതുല്യതയും ലഭിക്കണം. ഈ വിദ്യാലയത്തിലെ അധ്യാപകരും വിദ്യാർത്ഥികളും, വിദ്യാലയത്തിലെ എല്ലാ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാതെ അവസരതുല്യത ഉറപ്പാക്കും. മതേതര കാഴ്ചപ്പാട് പുലർത്തുന്ന ഒരു വിദ്യാർത്ഥിസമൂഹം ഈ വിദ്യാലയത്തിൽനിന്നും പുറത്തുവരും. സംഘപഠനം വഴി കുട്ടികളിൽ സാമൂഹ്യബോധവും ഉത്തരവാദി ത്തവും സൃഷ്ടിക്കും. പിന്നോക്കം നിൽക്കുന്ന കുട്ടി കൾക്കും, CWSN കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകും. അങ്ങനെ പഠനതുല്യത നിലനിർത്തും. ക്ലസ്റ്റർ പരിശീലനവും അധ്യാപക പരിശീലനവും വഴി അധ്യാ പക സമൂഹത്തെ ഉടച്ചുവാർക്കണം.

ഓരോ ക്ലാസിൽ നിന്നും നേടേണ്ട ശേഷികൾ അതതു ക്ലാസിൽ നിന്നുതന്നെ നേടിയെന്നുറപ്പുവരു ത്തും. കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കളെ അറിയിക്കും. സി.പി.ടി.എ ശക്തിപ്പെടുത്തും. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാ സത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കും. ഓരോ ക്ലാസ് മുറിയും സ്മാർട്ട് ക്ലാസാകും. കമ്പ്യൂട്ടർ പരി ജ്ഞാനം കുട്ടികൾക്ക് നൽകും. കുട്ടികളുടെ സർവ്വതോ മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തും. ഒരു കമ്പ്യൂട്ടർ ടീച്ചർ സ്കൂളിനാ വശ്യമാണ്. എസ്.എസ്.ജി ശക്തിപ്പെടുത്തും. കിട്ടാവുന്ന വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കും. മോണിട്ടറിംഗ് സംവിധാനം ഇനിയും ശക്തിപ്പെടുത്തണം. ഹെഡ്മാസ്റ്റർ, രക്ഷിതാക്കൾ, പഞ്ചാ യത്ത്, ബി.ആർ.സി, എ.ഇ.ഒ, ഡയറ്റ് തല മോണിറ്ററിംഗ് ശക്തിപ്പെടുത്തണം.

നിരന്തരവും സമഗ്രവുമായ മൂല്യനിർണയം വഴി കുട്ടികളുടെ പോരായ്മയും കഴിവും തിരിച്ചറിഞ്ഞ് പഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. പഴം, പച്ചക്കറി, ഇല ക്കറി, പയറുവർഗ്ഗങ്ങൾ, പാൽ, മുട്ട എന്നിവ ഉൾപ്പെടുത്തി ഉച്ചഭക്ഷണം പോഷകസമൃദ്ധമാക്കും. പഞ്ചായത്തുമായി സഹകരിച്ച് കുട്ടികൾക്ക് പ്രഭാതഭക്ഷണം ഏർപ്പാടാക്കും. അങ്ങനെ മികച്ച ശാരീരിക-മാനസിക-വൈകാരിക-ആ രോഗ്യമുള്ള ഒരു തലമുറയായിരിക്കും ഞങ്ങളുടെ സ്കൂളിൽ നിന്നും പുറത്തുവരിക. വർഷത്തിൽ 200 പ്രവൃ ത്തിദിവസം

ഉറപ്പാക്കും. ജൈവവൈവിധ്യ പാർക്ക് നിർമ്മാ ണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുവളർത്തും. പൂന്തോട്ടം നിർമ്മിക്കും. ജൈവപച്ചക്കറി കൃഷി പ്രോത്സാ ഹിപ്പിക്കും. ഇപ്പോൾത്തന്നെ ചേന, കപ്പ, വെള്ളരി, കുമ്പ ളം, ചീര, വെണ്ട, വഴുതന, പടവലം, പച്ചമുളക്, പപ്പായ, വാഴ എന്നിവ കൃഷിചെയ്യുന്നുണ്ട്. കൃഷിയുടെ മഹത്വവും സന്തോഷവും കുട്ടികളെ പഠിപ്പിക്കും. പ്ലാസ്റ്റിക് മുക്

സ്കൂൾ പ്രാബല്യത്തിൽ വരുത്തും. അതുവഴി പാരിസ്ഥി തിക അവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം തുടങ്ങിയ അനുഭവങ്ങൾ പ്രദാനം ചെയ്യും സ്കൂളിൽ ധാരാളം ക്ലബ്ബുകൾ നിലവി ലുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ദിനാ ചരണങ്ങൾ ഗംഭീരമായി നടക്കുന്നു. ഓരോ വർഷവും മിനിമം 5 കുട്ടികൾക്കെങ്കിലും എൽ.എസ്.എസ് ഉറപ്പാക്കും. അതിനാവശ്യമായ കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കും ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവ പഠനത്തിന്റെ ഭാഗമാക്കും. അതുവഴി പ്രകൃതിസംരക്ഷണം, പരിസ്ഥിതി സംര ക്ഷണം ഇവയുടെ പ്രാധാന്യം ആരക്കിട്ടുറപ്പിക്കും രക്ഷി താക്കളുടെ വൈദഗ്ധ്യത്തെ പഠനപ്രവർത്തിക്ക് പ്രയോജനപ്പെടുത്തും. ടീച്ചിംഗ് എയ്ഡ്സ്, ചാർട്ട്, മോഡൽ എന്നിവയുടെ നിർമ്മാണത്തിന് രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കും. പ്രവൃത്തിപരിചയമേളയിൽ രക്ഷിതാക്കളുടെ സഹായം തേടും. മാസത്തിൽ ഒരു സി.പി.ടി.എ ചേരും. ലൈബ്രറി രക്ഷിതാക്കൾക്കും വിതരണം ചെയ്യും. രക്ഷി താക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കും. പ്രത പാരായണം പ്രോത്സാഹിപ്പിക്കും. സ്കൂൾ കലാമേളയിൽ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കും. അങ്ങനെ സമൂ ഹവും വിദ്യാലയവും തമ്മിൽ നല്ല ബന്ധം ഊട്ടിയുറപ്പിക്കും. ക്യാച്ച്മെന്റ് ഏരിയയിലെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്കാകർഷിക്കും. സ്വാതന്ത്ര്യദിനം, ഓണാഘോ ഷം, സ്കൂൾ കലാമേള മുഴുവൻ രക്ഷിതാക്കളെയും പങ്കെടുപ്പിക്കും. വിദ്യാലയത്തെ സമൂഹത്തിന്റെ കൂടെ സ്ഥാപ നമായി മാറ്റും.

# അക്കാദമിക പ്രവർത്തനങ്ങൾ

സമ്പൂർണ്ണ വിദ്യാലയ പ്രവേശനം ഉറപ്പാക്കൽ

ഗൃഹ സന്ദർശനം രക്ഷാകർതൃ ബോധവൽക്കരണ

അക്കാദമിക പ്രവർത്തനങ്ങൾ സമ്പൂർണ്ണ വിദ്യാലയ പ്രവേശനം ഉറപ്പാക്കൽ ഗൃഹ സന്ദർശനം സ്കൂൾ സൗന്ദര്യവൽക്കരണം ദിനാചരണങ്ങൾ രക്ഷാകർ ശില്പശാലകൾ സംഘടിപ്പിക്കുക ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ വിപുലീകരിക്കൽ സ്മാർട്ട് ക്ലാസ്സ് പഠനോപകരണ നിർമ്മാണ ശില്പശാല കുട്ടിയെ അറിയാൻ വീട് അറിയാം ഗൃഹ സന്ദർശന പ്രവർത്തനങ്ങൾ വായന ഉത്സവം സംഘടിപ്പിക്കൽ മലയാളത്തിളക്കം പ്രവർത്തനങ്ങൾ സാഹിത്യകാരന്മാരുടെ കൂടെ പഠനയാത്രകൾ ഫീൽഡ് ട്രിപ്പുകൾ സ്കൂൾ ലൈബ്രറി വികസിപ്പിക്കൽ കയ്യെഴുത്ത് മാഗസിൻ സ്കൂൾ അസംബ്ലി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് വിഷയാധിഷ്ഠിതമായ കൂടിച്ചേരലുകൾ രക്ഷിതാക്കളുടെ രചനകൾ ഓൺലൈൻ സംവാദങ്ങൾ ഇംഗ്ലീഷ് ലാംഗ്വേജ് പരിശീലനം വായന കളരികൾ ക്ലബ്ബ് രൂപീകരണം പ്രവർത്തനങ്ങൾ പത്രവായന ക്വിസ് പ്രവർത്തനങ്ങൾ പതിപ്പ് നിർമ്മാണം അഭിമുഖം ജൈവകൃഷി

അടിനയിക്കളരി പ്രീ- പ്രൈമറി നിർമ്മാണപ്രദർശനം ബോധവൽക്കരണ ക്ലാസുകൾമേളകൾ പരിശീലനം എൽഎസ്എസ് പരിശീലനം കളിയും കാര്യവും കൂട്ടുകാരുമായി ഉല്ലസിക്കൽ പോർട്ട്ഫോളിയോ എല്ലാ കുട്ടികൾക്കും സ്കൂൾ സൗന്ദര്യവൽക്കരണം ദിനാചരണങ്ങൾ രക്ഷാകർ ശില്പശാലകൾ സംഘടിപ്പിക്കുക ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ വിപുലീകരിക്കൽ സ്മാർട്ട് ക്ലാസ്സ് പഠനോപകരണ നിർമ്മാണ ശില്പശാല കുട്ടിയെ അറിയാൻ വീട് അറിയാം ഗൃഹ സന്ദർശന പ്രവർത്തനങ്ങൾ വായന ഉത്സവം സംഘടിപ്പിക്കൽ മലയാളത്തിളക്കം പ്രവർത്തനങ്ങൾ സാഹിത്യകാരന്മാരുടെ കൂടെ പഠനയാത്രകൾ ഫീൽഡ് ട്രിപ്പുകൾ സ്കൂൾ ലൈബ്രറി വികസിപ്പിക്കൽ കയ്യെഴുത്ത് മാഗസിൻ സ്കൂൾ അസംബ്ലി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് വിഷയാധിഷ്ഠിതമായ കൂടിച്ചേരലുകൾ രക്ഷിതാക്കളുടെ രചനകൾ ഓൺലൈൻ സംവാദങ്ങൾ ഇംഗ്ലീഷ് ലാംഗ്വേജ് പരിശീലനം വായന കളരികൾ ക്ലബ്ബ് രൂപീകരണം പ്രവർത്തനങ്ങൾ പത്രവായന ക്വിസ് പ്രവർത്തനങ്ങൾ പതിപ്പ് നിർമ്മാണം അഭിമുഖം ജൈവകൃഷി

അടിനയിക്കളരി പ്രീ- പ്രൈമറി നിർമ്മാണപ്രദർശനം ബോധവൽക്കരണ ക്ലാസുകൾമേളകൾ പരിശീലനം എൽഎസ്എസ് പരിശീലനം കളിയും കാര്യവും കൂട്ടുകാരുമായി ഉല്ലസിക്കൽ പോർട്ട്ഫോളിയോ എല്ലാ കുട്ടികൾക്കും

ഭാഷ

ലക്ഷ്യം

ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ വാക്കുകൾ എഴുതിയ കാർഡ് വാക്കുകൾ നിർമ്മിക്കുക ചിത്രം നോക്കി കഥ പറയുക കഥയുടെ ബാക്കി എഴുതുക കഥാ പുസ്തകം നൽകൽ വായന ചങ്ങാതി കഥ വായന പരിശീലനം മലയാളത്തിളക്കം വായന ചങ്ങാത്തം

കാലയളവ് 2025 June - Jan 2026

ക്ലാസ്സ് III, IV

ചുമതല SRG കൺവീനർ, ക്ലാസ് ടീച്ചർ

ലക്ഷ്യം

കുട്ടിയെ മികച്ച വായനക്കാരനായ പഠിതാവായി

മാറ്റുക.

## പ്രവർത്തനങ്ങൾ

ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

വായന മൂല

ക്ലാസ് ലൈബ്രറി

പത്രവായ

അമ്മ വായന

പുസ്തക ചർച്ച

വായനക്കുറിപ്പ് പതിപ്പ്

വിദ്യാരംഗം കലാസാഹിത്യ വേദി ദിനാചരണങ്ങൾ

സാഹിത്യകാരന്മാരെ ഉള്ള അഭിമുഖം

ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

വായന സാമഗ്രികൾ വികസിപ്പിക്കൽ

ആസ്വാദനക്കുറിപ്പ്

ചുമർപത്രിക തയ്യാറാക്കൽ

സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി

കാലയളവ്

June 2025 – March - 2026

ക്ലാസ് I – IV

ചുമതല SRG, ക്ലാസ് അധ്യാപകർ
വിദ്യാരംഗം കലാസാഹിത്യവേദി

ഇംഗ്ലീഷ്

ലക്ഷ്യം

ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും കൂടുതൽ
പരിശീലനം നൽകുക ആശയ മികവോടെ
സംഭാഷണത്തിൽ ഏർപ്പെടുക പ്രവർത്തനങ്ങൾ
പരിമിതികൾ പരിഹരിക്കുന്നതിനുള്ള
പ്രവർത്തനങ്ങൾ തയ്യാറാക്കുക

ഒരു ദിവസം ഒരു പരിപാടി അവതരണം

പ്രസംഗം അവതരണം

സംഭാഷണം അവതരണം

ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി വായന കാർഡുകൾ

മൈ ഡേ ഇൻ ദി .സ്കൂൾ ഡയറി

ചിത്രവിവരണം തയ്യാറാക്കൽ

ഇംഗ്ലീഷ് കഥ വായന

സമഗ്ര റിസോഴ്സ് ഉപയോഗം

ഐ സി ടി സാധ്യതകൾ

ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്

കാലയളവ്

ക്ലാസ് 3, 4

ചുമതല

സവിത . P

മേഖല

ഗണിതം

ലക്ഷ്യങ്ങൾ

ഗണിതത്തിന്റെ ആവശ്യകത അഭിരുചി വളർത്തുക

ഗണിതമായി ബന്ധപ്പെട്ട പിന്നോക്ക അവസ്ഥ

പരിഹരിക്കുക

പ്രവർത്തനങ്ങൾ

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു

സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു

വർക് ഷീറ്റ് തയ്യാറാക്കുന്നു.

ഗണിത വിജയം

ഗണിതശാസ്ത്ര ലാബ്

ഗണിത രൂപ നിർമ്മാണം

പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു

ഗണിത പ്രശ്നങ്ങൾ നോട്ടീസ്

മനക്കണക്കുകൾ

ഗണിത ലൈബ്രറി

ഗണിത മേളകൾ

ശില്പശാലകൾ

കാലയളവ് June - Jan.

ക്ലാസ് I – IV

പ്രശ്നങ്ങൾ വെല്ലുവിളികൾ

അക്കാദമികം;

ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണ ങ്ങൾ ഐ.സി.ടി. സാധ്യതകൾ എന്നിവ ഫലപ്രദ മായി ഉപയോഗിക്കുന്നതിന് കമ്പ്യൂട്ടർ ക്ലാസ് ആവശ്യമാണ്

എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ നിർദ്ദേ ശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.

ക്ലാസ് ലൈബ്രറി വിപുലീകരിക്കേണ്ടതുണ്ട്. പരിസരം ഒരു പാഠപുസ്തകമാണെന്ന് തിരിച്ചറിയു

ന്നില്ല.

വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യു മെന്റ് ചെയ്യപ്പെടുകയും മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തൽ

കുട്ടികളുടെ കായിക ശേഷി വികസനത്തിന് ആവശ്യമായ കളി സ്ഥലത്തിൻറെ ലഭ്യതക്കുറവ് സ്ഥലപരിമിതി വളരെ പ്രയാസമുണ്ടാക്കുന്നു.

ലക്ഷ്യപൂർത്തീകരണത്തിനായി സ്വീകരിക്കുന്ന വഴികളും തന്ത്രങ്ങളും

വാർഷികാസൂത്രണം, പ്രതിമാസ ആസൂത്രണം, ടീച്ചിംഗ് മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിലും നേടേണ്ട ശേഷികൾ അതതു കാലത്തുതന്നെ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും. നിരന്തരമൂല്യ നിർണ്ണയം, ക്ലാസ് ടെസ്റ്റ്, ടെർമിനൽ പരീക്ഷകൾ, പഠന ത്തോടൊപ്പം ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ എന്നി വയുടെ അടിസ്ഥാനത്തിൽ ബോധനം; പരിഹാരബോ ധനം എന്നിവ സ്ഥിരമായി നടന്നുകൊണ്ടിരിക്കും. 200 പ്രവൃത്തിദിനത്തിനുപുറമെ ചില ശനിയാഴ്ചകളിൽ പ്രത്യേക പരിശീലന ക്ലാസ്സുകൾ നടത്തും. ഫീൽഡ് ട്രിപ്പ്, റേഷൻകട, വയൽ, കൃഷിപ്പണി, റെയിൽവേസ്റ്റേഷൻ, ഫാക്ടറികൾ, കടൽ,... ക്ലബ്ബ് രൂപീകരണം.

ജൂൺ മാസത്തിൽ തന്നെ വിവിധ ക്ലബ്ബുകൾ രൂപീ കരിക്കും. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ അർക്കിട്ടറ പ്പിക്കാൻ ക്ലബ്ബുകളുടെ പ്രവർത്തനം സഹായിക്കുന്നു. വിദ്യാരംഗം സാഹിത്യവേദി, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, ശാസ്ത്രക്ലബ്ബ്, ഗണിത ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്, പരിസ്ഥിതി ക്ലബ്ബ്, കാർഷിക ക്ലബ്ബ്, ഗേൾസ് ക്ലബ്ബ് എന്നിവ രൂപീകരി ക്കും. കുട്ടികൾക്ക് നേരെ ജാഗ്രതാ സമിതി എപ്പോഴും മിഴിതുറന്നുവെച്ചിരിക്കും.

ദിനാചരണങ്ങൾ:

ജൂൺ 1 പ്രവേശനോത്സവം:

സ്കൂൾ അലങ്കരിക്കൽ, നവാഗതരെ സ്വീകരിക്കൽ, മധുരം വിതരണം, ഒന്നിച്ചിരിക്കൽ, കലാപരിപാടികൾ, കിറ്റ് വിതരണം (പുസ്തകം, സ്ലേറ്റ്, പെൻസിൽ, കളർ പെൻസിൽ) അക്ഷരദീപം തെളിയിക്കൽ, ജനപ്രതിനിധി കളെ പങ്കെടുപ്പിക്കൽ.

ജൂൺ 5 പരിസ്ഥിതിദിനം:

വൃക്ഷത്തൈ വിതരണം, ഫീൽഡ് ട്രിപ്പ്, പതിപ്പ് നിർമ്മാണം, ചാർട്ട നിർമ്മാണം, ക്വിസ് മത്സരം.

ജൂൺ 19 മുതൽ വായനാവാരം:

ദിവസവും അസംബ്ലി ചേരൽ, പത്രവായന, പുസ്തകപരിചയം, കവിതാലാപനം, കഥാരചന, കവിതാരചന, ശ്രാവ്യവായനാമത്സരം, എഴുത്തുമത്സരം, പ്രസംഗം, പി. എൻ. പണിക്കർ അനുസ്മരണം, പുസ്തക പ്രദർശനം, സാഹിത്യക്വിസ് കുട്ടികൾക്കും രക്ഷിതാക്കൾക്കും.

ജൂലായ് 5 ബഷീർ ചരമദിനം:

ബഷീർ കൃതികൾ പരിചയപ്പെടൽ, ടെലിഫിലിം, ചാർട്ട് നിർമ്മാണം, ബഷീർ ക്വിസ്, ബഷീർ കഥാപാത്ര ങ്ങളുടെ ദൃശ്യാവിഷ്കരണം.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം:

അസംബ്ലി, പതാക ഉയർത്തൽ, പ്രഭാഷണം, ഘോഷ യാത്ര, ടെലിഫിലിം, സ്വാതന്ത്ര്യസമരചരിത്ര ക്വിസ് കുട്ടി കൾക്കും രക്ഷിതാക്കൾക്കും, സ്വാതന്ത്ര്യസമരസേനാനി കളെ ആദരിക്കൽ, അഭിമുഖം, മുഴുവൻ രക്ഷിതാക്കളു ടെയും പങ്കാളിത്തം, പതിപ്പനിർമ്മാണം, പായസവിതരണം, ദേശഭക്തിഗാനാലാപനം, പതാകനിർമ്മാണം.

ജൂലായ് 21 ചാന്ദ്രദിനം:

ടെലിഫിലിം, ചാർട്ട നിർമ്മാണം, ചാന്ദ്ര മനുഷ്യനു മായി അഭിമുഖം, ക്വിസ് മത്സരം.

സെപ്റ്റംബർ 5 അധ്യാപകദിനം:

പിരിഞ്ഞുപോയ അധ്യാപകരെ ആദരിക്കൽ, അഭി മുഖം, ചോദ്യാവലി നിർമ്മാണം, ഡോ: എസ്. രാധാകൃ ഷ്ണനെക്കുറിച്ച് പ്രഭാഷണം.

ഒക്ടോബർ 2 ഗാന്ധിജയന്തി

ചിത്രപ്രദർശനം, ചാർട്ട് നിർമ്മാണം, ക്വിസ്, ഗാന്ധി യൻ പ്രഭാഷണം, ടെലിഫിലിം, ആത്മകഥ പരിചയപ്പെടൽ, പരിസരശുചീകരണം.

നവംബർ 14 ശിശുദിനം;

കുട്ടികൾ കുട്ടികളുടെ പാർല
മെന്റ്, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ പരിചയപ്പെട്ടു ന്നു. മധുര വിതരണം.
ഓണാഘോഷം:

കുട്ടികൾക്ക് പൂക്കള മത്സരം, ചാക്ക് റെയിസ്, തവ

ളച്ചാട്ടം, ചിത്രരചന, ഓണപ്പാട്ടുകളുടെ ശേഖരണം, ആലാ

പനം, ഓണച്ചൊല്ലുകളുടെ ശേഖരണം, പതിപ്പനിർമ്മാണം,

രക്ഷിതാക്കൾക്ക് മ്യൂസിക്കൽ ചെയർ, ഓലമെടയൽ, തേങ്ങപൊളി, കമ്പവലി, പൂക്കളമത്സരം, സദ്യ. ഡിസംബർ 25 ക്രിസ്തുമസ്

ക്രിസ്തുമസ് അപ്പൂപ്പൻ, പുൽക്കൂട് നിർമ്മാണം, കേക്ക് മുറി, ആശംസാ കാർഡ് നിർമ്മാണം, നക്ഷത്ര നിർമ്മാണം.

ജനവരി 1 പുതുവർഷം:

പുതുവർഷം പ്രതീക്ഷകൾ, കുറിപ്പുകൾ തയ്യാറാ

ക്കൽ, കവിതാരചന, കഥാരചന.

മേളകൾ:

എല്ലാ വെള്ളിയാഴ്ചയും മൂന്നരക്കുശേഷം ബാല് സഭ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുന്നു. കഥാ കഥനം, കവിതാലാപനം, അഭിനയം, പ്രസംഗം, പാട്ടുകൾ, റിപ്പോർട്ട് അവതരണം.

ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത, പ്രവൃത്തിപ രിചയ മേളകളിൽ കുട്ടികളുടെ സജീവപങ്കാളിത്തം, പരി ശീലനം, പഞ്ചായത്ത് മേള, ഉപജില്ലാ മേളകളിൽ പങ്കാളി

ത്തം, തിങ്കൾ, വ്യാഴം ദിവസങ്ങളിൽ അസംബ്ലി, മാസ ത്തിൽ രണ്ട് ഇംഗ്ലീഷ് അസംബ്ലി, മാസത്തിൽ ഒരു സ്കൂൾ പാർലമെന്റ്, ബാലറ്റുപേപ്പറിലൂടെ ക്ലാസ് ലീഡർ, സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്, ക്ലാസും പരിസരവും ശുചിയാ ഓരോ . ക്ലാസിലും സ്ക്വാഡുകൾ, പ്ലാസ്റ്റിക് മുക്ത സ്കൂൾ, യുറീക്കാ വിജ്ഞാനോത്സവം, ക്വിസ് മത്സരങ്ങ ളിൽ കുട്ടികളുടെ പങ്കാളിത്തം

കായികവിദ്യാഭ്യാസം:

കുട്ടികൾക്ക് മികച്ച പരിശീലനം, പ്രത്യേക പി.ഇ.ടി റൂം, സ്കൂൾ, പഞ്ചായത്ത്, ഉപജില്ലാതല കായികമേളയിൽ സജീവ പങ്കാളിത്തം, ബോൾ, ബാറ്റ്, ചെസ്, കാരംസ്, റിംഗ്, ടാഗ്, എല്ലാ കളി ഉപകരണങ്ങളും സ്കൂളിൽ ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാ

വിവരസാങ്കേതികവിദ്യ

ആധുനികപഠനം ഐ.ടി യിൽ മനുഷ്യന്റെ വ്യക്തി പരവും സാമൂഹികവുമായി എല്ലാ രംഗങ്ങളിലും വിവര സാങ്കേതികവിദ്യ കടന്നുവന്നിരിക്കുന്നു. പാഠഭാഗ ഐ.ടി യുമായി ബന്ധപ്പെടുത്തുന്നു. എല്ലാ ക്ലാസ് മുറി കളും സ്മാർട്ടാകുന്നു. ക കേട്ടും പഠനം, എല്ലാ മുറി കളിലും ഇന്റർനെറ്റ്, വേണ്ടപ്പെട്ട വിഷയങ്ങൾ ഇൻ ചെയ്തും സി.ഡി, തുടങ്ങിയവ ഉപയോഗ പ്പെടുത്തിയും പഠനം എളുപ്പവും സുഗമവുമാക്കുന്നു. മുഴു വൻ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം, കളിപ്പെട്ടി, യാളത്തിളക്കം, കമ്പ്യൂട്ടറിലൂടെ ആഗോളവിജ്ഞാനം ഗൂഗിൾ നെറ്റ്‌വർക്കിലൂടെ വിരൽത്തുമ്പിൽ

ചുമതല

ക്ലാസ് ടീച്ചർ

ക്ലാസ്

കാലയളവ്

1, 2, 3, 4

1, 2, 3, 4

മേഖല; പരിസരപഠനം

പ്രവർത്തനങ്ങൾ

ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ജീവചരിത്ര കുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. ഫീൽഡ് ട്രിപ്പ്, ഹെർബേറിയം, ലഘു പ്രോജക്ട്

എല്ലാ കുട്ടികൾ ക്കും ശാസ്ത്രത്തി ന്റെ വഴിയിൽ കഴിവ് തെളിയിക്കും വിധം അത് ചിട്ടപ്പെടുത്തുക.

4

3,

ജൂൺ മുതൽ മാർച്ച്

ക്ലാസ് ടീച്ചർ

പ്രവർത്തന വിശദാംശങ്ങൾ

ലക്ഷ്യം

ശാസ്ത്രാശയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്താൻ ഐ.സി.ടി ഉപയോഗം.
പരിസ്ഥിതി ക്ലബ്ബ് പരീക്ഷണമൂല ഓരോ ക്ലാസിലും ചെയ്യാവുന്ന പരീക്ഷണങ്ങൾ
ലിസ്റ്റ് ചെയ്ത് പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുക.

കുട്ടികളെ സ്വയം പ്രശ്നപരിഹരണ ത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ
ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതി നും പ്രാപ്തരാ ക്കുക.
[illegible]: പ്രവർത്തനങ്ങൾ

പരിസരപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, വിദഗ്ധ ക്ലാസു കൾ,
സെമനാറുകൾ ഇവ

നടപ്പിലാക്കുക. റഫറൻസ് ഗ്രന്ഥങ്ങൾ, ശാസ്ത്രമാസികകൾ എന്നിവ
പരിചയപ്പെടുത്തുന്നു. ജൈവവൈവിധ്യ പാർക്ക്

വികസിപ്പിക്കുന്നു. (വൈവിധ്യമാർന്ന സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ,
ഔഷധോദ്യാനം, ശലഭോദ്യാനം)

ലക്ഷ്യം

പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവം നൽകുക.
മേഖല; അറബിക്

പ്രശ്നങ്ങൾ:

എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട ഭാഷാ ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.
ഐ.സി.ടി. അധിഷ്ഠിതമായ സൂക്ഷ്മാസൂത്രണം

നിർവ്വഹിക്കുന്നതിനുള്ള പരിമിതി.

ആധുനിക ഭാഷാ ലൈബ്രറിയുടെ അഭാവം.

ലക്ഷ്യങ്ങൾ:

വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.

അറബിക് ചിത്രകഥാ ബുക്ക്, പദ്യബുക്ക്, ക്വിസ് ബുക്ക് എന്നിവ സംഘടിപ്പിച്ച് വായനാശീലം വളർത്തുക.

എല്ലാവർക്കും എഴുത്തും വായനയും.

സർഗ്ഗാത്മക പ്രവർത്ത നങ്ങൾക്ക് പ്രാധാന്യം നൽകൽ. വേണ്ടത

പ്രവർത്തന വിശദാംശങ്ങൾ

കാലയളവ്

ആഗസ്റ്റ് ആദ്യവാരം

ആഗസ്റ്റ് രണ്ടാംവാരം

മേഖല: അറബിക്

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.

പരിമിതികൾ പരിഹരിക്കുന്നതി ക്കുനാതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കൽ.

ലക്ഷ്യം

മുഴുവൻ കുട്ടികളേയും ലഘുവാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക.

നാട്ടിലുള്ള അറബിക് പഠിച്ച വ്യക്തികളുടെ സഹായം തേടുന്നു.

സാഹിത്യസമാജം, അറബി ക്ലബ്ബ് എന്നിവ മാസത്തിൽ ഒരു തവണ യെങ്കിലും നടപ്പിലാക്കണം.

ചുമർപതിക നിർമ്മാണം വായന കാർഡ് നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക.

എഴുത്തും വായനയും വികസിപ്പിക്കുക

വായനാശീലം വളർത്തുക

സർഗ്ഗാത്മക കഴിവുകൾ വിജയിപ്പിക്കുക

പൊതുലക്ഷ്യങ്ങൾ:

മേഖല കാല, കായികം

പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ

പരിപോഷിപ്പിക്കുക.

വിവിധങ്ങളായ കലകളെ അറിയുന്നതിന് അവസര

മൊരുക്കുക

വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ

സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും,

സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാ രിക അവബോധം വളർത്തുന്നതിന്.

കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുന്നതിന്

വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീ

രത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജ്ജിക്കുക. കായികപഠനത്തിൽ സവിശേഷ താല്പര്യമുള്ള കുട്ടി കളെ കണ്ടെത്തി അനുഭവങ്ങൾ നൽകുക.

കുട്ടികളുടെ കായികക്ഷമത ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കു ന്നതിനും

കായികപഠനത്തിന്റെ ലക്ഷ്യം, പ്രാധാന്യം, സാധ്യത എന്നിവ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും രക്ഷി താക്കൾക്കും ബോധ്യപ്പെടുത്തുന്നതിന്.

കായികപഠനം ഫലപ്രദമാക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കുക.

വായന ഒരു ശീലമാക്കുക

"വായനക്കാരൻ മരണത്തിനുമുമ്പ് ആയിരക്കണക്കിന് ജീവിതങ്ങൾ ജീവിച്ചുതീർക്കുന്നു. എന്നാൽ ഒന്നും വായി ക്കാത്തവൻ ഒരൊറ്റ ജീവിതം മാത്രം ജീവിക്കുന്നു.

ജോർജ്ജ് ആർമാർട്ടിൻ

അന്വേഷണാത്മക പഠനരീതിയിൽ സ്കൂൾ വായ നശാലകൾക്ക് അതിനിർണായകമായ സ്ഥാനമാണു ള്ളത്. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാ ക്കണം. എഴുതാൻ പഠിപ്പിക്കണം. അതിനെന്തൊക്കെ പ്രവർത്തനങ്ങൾ

ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കൽ സജീവമാക്കൽ ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യ

പ്രാദേശിക വായനാസാമഗ്രികൾ രൂപപ്പെടുത്തുക.

വായനകുറിപ്പ് തയ്യാറാക്കൽ - മുഴുവൻ കുട്ടികളും. അസംബ്ലിയിൽ ജന്മദിന പുസ്തകം സംഭാവന ചെയ്യൽ.

എല്ലാ ക്ലാസ്സുകളിലേക്കും ഓരോ പത്രം. ആഴ്ചയിൽ

ഒരു പുസ്തകം വീതം വിതരണം. അസംബ്ലിയും ക്ലാസിലും നിത്യവും പത്രവായന -

പ്രതകറിപ്പുകൾ എഴുതൽ.

പ്രതക്വിസ്
വായനാവാരാഘോഷം, സാഹിത്യകാരന്മാരെ, കൃതി കളെ പരിചയപ്പെടൽ, കാവിതാലാപനം, ശ്രാവ്യവാ യനാമത്സരം, കയ്യെഴുത്തുമത്സരം, സാഹിത്യക്വിസ്, വായനാക്കുറിപ്പ് നിർമ്മാണം, പുസ്തകാവലോകനം, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, സാഹിത്യ ആൽബം, കുട്ടികളുടെ വായനാക്കുറിപ്പ് ബ്ലോഗിൽ പ്രസിദ്ധീകരിക്കൽ, മഹാന്മാരുടെ പ്രസംഗങ്ങൾ കേൾപ്പിക്കൽ, ആത്മകഥ പരിചയപ്പെടൽ, കഥാപൂ രണം, കവിതാപൂരണം, രചയിതാക്കളുമായി അഭി മുഖം.

ക്ലാസത നിർമ്മാണം, കയ്യെഴുത്ത് മാസികാ നിർമ്മാണം, മാസികകൾ അച്ചടിക്കുന്ന എഡിറ്റർ കുട്ടികൾ തന്നെ, വായനാ കാർഡ് നിർമ്മാണം.

ക്ലാസ് പി.ടി.എ യിൽ പുസ്തകപരിചയം, രക്ഷിതാ ക്കൾക്കും ലൈബ്രറി വിതരണം.

കഥ ക ളുടെ ഹ്രസ്വ ചലച്ചിത്രം കാണിക്കൽ, ഹൈസ്കൂൾ, യു.പി. സ്കൂൾ കുട്ടികൾ നിർമ്മിച്ച ടെലിഫിലിം കാണൽ.

ഇൻലന്റ് മാഗസിൻ - ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം. ഇ. വായന, വായനാമൂല,

അക്ഷരകാർഡുകൾ ഉപയോഗിച്ച് പദങ്ങളും പദ കാർഡുകൾ ഉപയോ...

# കാഴ്ചപ്പാട്

- ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളയാളാണ്.
- കഴിവിന്റെ വൈവിധ്യത്തെ മാനിക്കുന്നതാണ് യഥാർഥ വിദ്യാഭ്യാസം
- വിദ്യാർഥിയുടെ കഴിവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടും.
- ഒരോ വിദ്യാർഥിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും

# പ്രക്രിയ

## 1. ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ

- പ്രസംഗം
- രചന
- പ്രശ്നപരിഹാരണം
- ഗവേഷണം
- നിയമപഠനം
- മാധ്യമപ്രവർത്തനം
- ഫോട്ടോഗ്രാഫി
- ഗ്രാഫിക്സ്
- സംഗീതം
- ചിത്രരചന
- ശില്പകല
- വീഡിയോഗ്രാഫി
- വീഡിയോ എഡിറ്റിംഗ്
- ഫിലിം നിർമാണം
- ഡിസൈനിംഗ്
- കഥപറയൽ
- അഭിനയം
- ആലാപനം
- നിർമാണം

ലിസ്റ്റ് വിപുലീകരിക്കണം

- ക്രാഫ്റ്റ് വർക്ക്
- വസ്ത്രനിർമാണം
- ഇലക്ട്രിക്കൽ വർക്ക്
- ഇന്റീരിയൽ ഡെക്കറേഷൻ
- മാജിക്
- ശാസ്ത്രപരീക്ഷണം
- ചരിത്രാന്വേഷണം
- ഭൂമിശാസ്ത്ര പഠനം
- ഡെയിംസ്
- സ്പോർട്സ്
- കളിമൺരൂപനിർമിതി
- സംഘാടനം, നേതൃത്വം
- കൗൺസലിംഗ്
- കൃഷി
- പൂന്തോട്ടപരിപാലനം
- പരിസ്ഥിതി പ്രവർത്തനം
- സർഗാത്മക രചനകൾ
- ഉപകരണസംഗീതം
- പരിചരണം
- സന്നദ്ധപ്രവർത്തനം

# പ്രക്രിയ

2. മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തൽ

3. ക്ലാസ് ടീച്ചറും വിവിധ വിഷയാധ്യാപകരും ചേർന്നാണ് ഇത് നിർണയിക്കേണ്ടത്

4. സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കണം

5. ഓരോ ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പു ചുമതലയ്ക്ക് ഓരോ കമ്മറ്റി വീതം രൂപീകരിക്കണം

6. എത്ര കാലയളവിലേക്കുള്ള പരിശീലനാനുഭവം എല്ലാവർക്കും നൽകുന്നതിനു കഴിയുക എന്ന് തിട്ടപ്പെടുത്തി അതനുസരിച്ച് പരിപാടി രൂപപ്പെടുത്തണം

8. പരിശീലനത്തിനുള്ളടൈം ടേബിൾ ഗ്രൂപ്പടിസ്ഥാനം

9. ആവശ്യമായ ഉപകരണങ്ങൾ, മറ്റു ചെലവുകൾ എന്നിവയ്ക്കുള്ള ധനസമാഹരണം സ്പോൺസറിംഗിലൂടെ കണ്ടെത്തൽ ( ഓരോ മേഖലയ്ക്കും ..... രൂപ)

10. നിർണയിച്ച മേഖലകൾക്കായി ആകെ എത്ര ചെലവ് എന്ന് തീരുമാനിക്കണം

11. തുക പൂർണമായും സമൂഹപങ്കാളിത്തത്തോടെ സമാഹരിക്കുന്നതിന് നടപിട്.

12. നാലുമണിക്ക് ശേഷമോ, ഒഴിവുദിനങ്ങളിലോ പരിശീലനം ക്രമീകരിക്കൽ

13. വിദഗ്ധരുടെ സേവനം ഓരോ ഗ്രൂപ്പിനും ലഭ്യമാകുന്ന വിധമായിരിക്കണം ടാലന്റ് പരിപോഷണം

## അക്കാദമിക പ്ലാൻ - Short Term - Malayalam

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>C.D | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>Trainer<br>P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര-നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ (UP വായന<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകര-ണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് .. തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months<br><br>Auditorium | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |